(ഡി) വികസനംമൂലം മത്സ്യബന്ധനത്തിനും കക്ക വാരുന്ന തൊഴിലിലും ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കും പ്രതികൂലമാകാവുന്ന വ്യവസ്ഥകൾ എന്തെങ്കിലും ഉണ്ടോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) :

(എ) വിഴിഞ്ഞം തുറമുഖം വികസിപ്പിക്കുന്നതിന് പ്രസ്തുത തുറമുഖം നിർമ്മിച്ച്, പ്രവർത്തിപ്പിച്ച് കൈമാറുക എന്ന അടിസ്ഥാനത്തിൽ 30 വർഷത്തേയ്ക്കുള്ള ഒരു കരാർ 15-11-99-ൽ കുമാർ ഗ്രൂപ്പുമായി ഒപ്പുവയ്ക്കുകയുണ്ടായി. തുറമുഖ വികസനത്തിന്റെ പ്രാരംഭ പ്രവർത്തനത്തിനുള്ള നടപടിക്രമങ്ങൾ പരിശോധിച്ചുവരികയാണ്.

(ബി) ഉണ്ട്. കുമാർ ഗ്രൂപ്പുമായി ഒപ്പു വച്ച ധാരണാപത്രത്തിൽ നിലവിലുള്ള മത്സ്യബന്ധന തുറമുഖത്തിന്റെ വികാസവും അതിലേയ്ക്ക് 1000 ഏക്കർഭൂമിയും ഏറ്റെടുത്ത് നൽകാൻ ധാരണയുണ്ടായിരുന്നു. മത്സ്യബന്ധന മേഖലയിൽനിന്നുള്ള പ്രതിഷേധവും 1000 ഏക്കർ ഭൂമി കണ്ടെത്താനുള്ള പ്രായോഗിക ബുദ്ധിമുട്ടുംകാരണം, ഈ പ്രോജക്ട് ഇപ്പോൾ അടിമലത്തുറയ്ക്ക് സമീപം സ്ഥാപിക്കാനും 500 ഏക്കർ സ്ഥലം നൽകാനുള്ള വ്യത്യാസങ്ങൾ ബി.ഒ.സി. പ്രകാരം ഉണ്ടായിട്ടുണ്ട്. കൂടാതെ ധാരണാപത്രത്തിന്റെ കാലാവധി 31-12-99 വരെ ദീർഘിപ്പിക്കുവാനും തീരുമാനിച്ചു.

(സി) മാസ്റ്റർ പ്ലാൻ ഇതേവരെ കുമാർ ഗ്രൂപ്പ് സമർച്ചിട്ടില്ല.

(ഡി) പ്രതികൂലമാകാവുന്ന വ്യവസ്ഥകൾ യാതൊന്നുമില്ല.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (2297) വിചാരണത്തടവുകാരുടെ കേസുകൾ കൈകാര്യം ചെയ്യുന്നതിൽ കാലതാമസം

ശ്രീ. കെ.എം. മാണി :

ശ്രീ. സി.എഫ്. തോമസ് :

ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിസ്സാരക്കുറ്റങ്ങൾക്ക് ജയിലിൽ കഴിയുന്ന വിചാരണത്തടവുകാരുടെ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിൽ താമസം വരുത്തിയാൽ നടപടി സ്വീകരിക്കുമെന്ന നിർദ്ദേശം സുപ്രീം കോടതിയിൽനിന്ന് സംസ്ഥാന ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) സംസ്ഥാനത്ത് ഇത് സംബന്ധിച്ച് എന്ത് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) സർക്കാർ വകുപ്പുകളിൽ അന്വേഷണം നേരിടുന്ന ജീവനക്കാർക്ക് അഭിഭാഷകന്റെ സഹായം ലഭിക്കുന്നതിനുള്ള സംവിധാനം സംസ്ഥാനത്ത് ഉണ്ടോയെന്ന് അറിയിക്കുമോ?

ഉത്തരം

LIBRARY ARCHIVES Kerala Legislative Assembly

(എ)&(ബി) നിസ്സാരകുറ്റങ്ങൾക്ക് ജയിലിൽ കഴിയുന്ന വിചാരണത്തടവുകാരെ കൂടുതൽകാലം ജയിലിൽ പാർപ്പിക്കുന്നത് ശരിയല്ല എന്നും ബന്ധപ്പെട്ട ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ അനുമതിയോടുകൂടി ജാമ്യത്തിൽ വിടാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നും ഉള്ള നിർദ്ദശങ്ങൾ അടങ്ങുന്ന ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവ് സർക്കാരിന് ലഭിച്ചിരുന്നു.

(സി) ഇക്കാര്യത്തിൽ സുപ്രീം കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജയിൽ എ.ഡി.ജി.പി. ക്ക് സർക്കാർ വേണ്ടതായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ 10-1-2000-ലെ (ആർ.ടി)94/2000/ആഭ്യന്തരം നമ്പർ സർക്കാർ ഉത്തരവിൽ വിവിധ വകുപ്പുകൾ പ്രകാരം ചാർജ്ജ് ചെയ്തതും രണ്ടു വർഷത്തിനുമേൽ തീരുമാനമാകാതെ കിടക്കുന്നതുമായ എല്ലാ പെറ്റി കേസ്സുകളും കോടതിയുടെ അനുമതിയോടുകൂടി പിൻവലിക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) സർക്കാർ വകുപ്പുകളിൽ അന്വേഷണം നേരിടുന്ന ജീവനക്കാർക്ക് അഭിഭാഷകന്റെ സഹായം ലഭ്യമാക്കുന്ന ഒരു സംവിധാനവും കെ.ജി. എൽ.ഒ. റൂൾസ് പ്രകാരം സംസ്ഥാനത്ത് ഇപ്പോഴില്ല.

2 (2298) മുഖ്യമന്ത്രിയുടെ വിദേശയാത്രകൾക്ക് അനുവദിച്ച അഡ്വാൻസ് ടി.എ.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ വിദേശയാത്രകൾക്കനുവദിച്ച അഡ്വാൻസ് ടി.എ. യുടെ വിശദവിവരം നൽകുമോ;

(ബി) വിദേശയാത്രകളുടെ ബില്ലിൽ ഓരോന്നിലേയും വിമാന യാത്രാകൂലി എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ വിദേശയാത്രയ്ക്കും അഡ്വാൻസ് അനുവദിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഏതെല്ലാം വിദേശയാത്രകൾക്കാണ് പൊതുഭരണ (പൊളിറ്റിക്കൽ) ഡിപ്പാർട്ട്മെന്റ് വിമാന ടിക്കറ്റെടുത്ത് നൽകിയതെന്ന് വ്യക്തമാക്കുമോ;

(ഇ) നേരിട്ട് ടിക്കറ്റ് വാങ്ങിയത് ഏതെല്ലാം യാത്രകളിലാണെന്നും ഏത് ഏജൻസി വഴിയാണ് ടിക്കറ്റെടുത്തതെന്നും വെളിപ്പെടുത്തുമോ;

<u>ഉത്തരം</u>

(എ) മുഖ്യമന്ത്രി വിദേശയാത്രയ്ക്ക് അഡ്വാൻസ് ടി.എ. വാങ്ങിയിട്ടില്ല.

(ബി)

യാത്രാതീയതി	വിമാനയാത്രാകൂലി
5-7-96 - 9-7-96	1,52,130
14-11-96 - 24-11-96	88,974
10-6-97 - 22-6-97	1,55,225
26-9-98 - 29-9-98	35,887
23-4-99 - 3-5-99	40,103

LIBRARY ARCHIVES Kerala Legislative Assembly